**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

10.07.2012 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6245

**കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിലെ ഓവർസീയർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ഡോ. എം. കെ. മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഗ്രേഡ് 3 ഓവർസീയർമാരുടെ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | പതിനാല് ഒഴിവുകൾ. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (ബി) യും (സി) യും | കാസർഗോഡ് ജില്ലയിലെ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ സംസ്ഥാനതല റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം ബഹു:ഹൈക്കോടതി റിട്ട് പെറ്റിഷൻ നം. 21420/11 കേസിൽ 26.08.2011 ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട് . നിലവിലുള്ള സ്റ്റേ തീർപ്പാക്കിയാൽ മാത്രമേ മൂന്നാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുകൾ നികത്താൻ സാധിക്കുകയുള്ളൂ. |
| (സി) | ഇത് സംബന്ധിച്ചുള്ള കോടതി സ്റ്റേ ഉത്തരവ് എന്നാണ് നിലവിൽവന്നതെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കോടതി സ്റ്റേ നീക്കി പ്രസ്തുത തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ഉണ്ട്. പ്രസ്തുത സ്റ്റേ തീർപ്പാക്കാനായി എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേ തീർപ്പാക്കാൻ ഉചിതമായ നടപടി എടുക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ